# File No.LSGD-IA1/248/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കുടുബശ്രീ- ഓക്സിലറി അയൽക്കൂട്ട രൂപീകരണം- പദ്ധതിരേഖയ്ക്ക് ഭരണാനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1894/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/10/2021

---

പരാമർശം:- കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.09.2021 ലെ 4635/എം/2021/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

"കുടുംബങ്ങളിലെ യുവതികളുടെ പ്രാതിനിധ്യം കുടുംബശ്രീയിൽ ഉറപ്പു വരുത്തുന്നതിനായി ഈ വർഷം ഓക്സിലറി അയൽക്കൂട്ട യൂണിറ്റുകൾ ആരംഭിക്കുമെന്ന്" 04.06.2021 ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 61-ൽ പ്രഖ്യാപിച്ചിരുന്നു. അപ്രകാരം സ്ത്രീശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിന് ഉതകുന്ന അവസ്സരങ്ങൾ ലഭ്യമാകുന്ന ഒരു വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെ പരാമർശ കത്ത് പ്രകാരം കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഓക്സിലറി അയൽക്കൂട്ട രൂപീകരണ പദ്ധതിരേഖ ലഭ്യമാക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള കുടുംബശ്രീ അംഗങ്ങളിൽ 18 നും 40 നും ഇടയിൽ പ്രായമുള്ളവർ 1 0 % മാത്രമാണ്. ആയതിനാൽ കുടുംബശ്രീ നടപ്പാക്കുന്ന പല പദ്ധതികളുടെയും ഗുണഫലം കുടുംബശ്രീയിൽ അംഗമല്ലാത്ത ഒരു വലിയ വിഭാഗം യുവതികൾക്കും നേരിട്ട് ലഭ്യമാകാതെ പോകുന്നു എന്ന വസ്തുത കണക്കിലെടുത്ത് യുവതലമുറയെ കുടുംബശ്രീയുടെ ഭാഗമാക്കാനും, ഇവരെ പൊതുധാരയിൽ കൊണ്ടുവരുന്നതിനും, സാമൂഹിക സാമ്പത്തിക സ്ത്രീശാക്തീകരണ വിഷയങ്ങളെക്കുറിച്ച് അവബോധവും സൃഷ്ടിക്കുന്നതിനും, അവർക്ക് വിവിധ തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള അറിവുകൾ നല്കുന്നതിനുമുള്ള ഒരു പൊതുവേദി സൃഷ്ടിക്കുന്നതിനും, യുവതികളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ഉതകുന്ന രീതിയിൽ തയ്യാറാക്കിയിട്ടുള്ള അനുബന്ധമായി ചേർ ത്തിട്ടുള്ള ഓക്സിലറി അയൽക്കൂട്ട രൂപീകരണ പദ്ധതിരേഖയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നടപ്പ് സാമ്പത്തിക വർഷം കുടുംബശ്രീയുടെ തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തേണ്ടതാണ്.

File No.LSGD-IA1/248/2021-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ,തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, കില
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
ഐആന്റ്പിആർ(വെബ് & ന്യൂ മീഡിയ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File No.IA1/248/2021-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-യ്ക്ക്